പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് നടപടി

41 (1004) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രാഥമിക സഹകരണ സംഘങ്ങളിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത നടപടിക്കുവേണ്ടി സമർപ്പിക്കപ്പെട്ട റിപ്പോർട്ട് എപ്പോൾ നടപ്പിലാക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് ശിപാർശകൾ സമർപ്പിക്കാൻ സർക്കാർ, ശമ്പള പരിഷ്കരണ കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റി, പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണം സംബന്ധിച്ച് വിശദമായി പഠിച്ച്, കമ്മിറ്റിയുടെ ശിപാർശകൾ ഉൾപ്പെടുത്തിയ റിപ്പോർട്ട് അംഗീകാരത്തിനായി സർക്കാരിന് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ശമ്പള പരിഷ്കരണ കമ്മിറ്റി സമർപ്പിച്ചിട്ടുള്ള റിപ്പോർട്ട് സർക്കാർ പരിശോധിച്ചു വരികയാണ്. ആയത് അംഗീകരിക്കുന്ന മുറയ്ക്ക് പ്രത്യേക ഉത്തരവു പ്രകാരം ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതാണ്.

സംസ്ഥാനത്തെ സഹകരണ പെൻഷൻ ജീവനക്കാർക്ക് ആനുകൂല്യങ്ങൾ

42 (1005) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ സഹകരണ പെൻഷൻ ജീവനക്കാർക്ക് സർക്കാർ നൽകിവരുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) സഹകരണ പെൻഷൻകാരുടെ പ്രശ്നങ്ങൾ പഠിക്കുന്ന കമ്മീഷൻ റിപ്പോർട്ട് സമർപ്പിക്കുന്നത് ത്വരിതപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ;

(സി) കേന്ദ്ര-സംസ്ഥാന പെൻഷൻകാർക്ക് സമാനമായ വൺ-റാങ്ക്-വൺ പെൻഷൻ പദ്ധതി സഹകരണ പെൻഷൻ ജീവനക്കാർക്കും നടപ്പിലാക്കുമോ ;

(ഡി) എല്ലാ സഹകരണ പെൻഷൻകാർക്കും ഫാമിലി പെൻഷനും, മെഡിക്കൽ അലവൻസും നൽകാൻ നടപടി സ്വീകരിക്കുമോ ;

(ഇ) സർക്കാർ പങ്കാളിത്തത്തോടുകൂടി സഹകരണ പെൻഷൻ ഫണ്ട് രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ ;

(എഫ്) പെൻഷൻ ബോർഡിൽ പെൻഷണർമാരുടെ പ്രതിനിധികളെ ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly